# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1880** 7-3-2018 – ൽ മറുപടിയ്ക്ക്

## ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഹൈബി ഈഡൻ:** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) കേരള സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ ആകെ എത്ര അംഗങ്ങളാണ് ഉള്ളത്; നിലവിൽ എത്ര പേരുണ്ട്; ഇവരുടെ കാലാവധി ഏതുവരെ എന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ പ്രസിഡന്റ് ഉൾപ്പെടെ ആകെ 5 അംഗങ്ങളാണ് ഉള്ളത്. നിലവിൽ 3 പേരുണ്ട്. പ്രസിഡന്റിന് 3-3-2019 വരെയും, ജുഡീഷ്യൽ അംഗത്തിന് 29-1-2023 വരെയും, ജനറൽ അംഗത്തിന് 4-6-2018 വരെയും സേവന കാലാവധിയുണ്ട്. |
| (ബി) അംഗങ്ങളുടെ ഒഴിവുണ്ടെങ്കിൽ എന്നു മുതലാണ് ഒഴിവുവന്നതെന്നും; നിലവിലെ അംഗങ്ങളെ നിയമിക്കുന്നതിന് മുൻപ് എത്രകാലം ഒരു അംഗം മാത്രമായി പ്രവർത്തിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) 15-5-2016 മുതൽ ഒരു ജനറൽ അംഗത്തിന്റെയും, 29-1-2017-മുതൽ ഒരു വനിതാ അംഗത്തിന്റെയും ഒഴിവുണ്ട്. 6-5-2017- മുതൽ 25-7-2017 വരെ ഒരു അംഗം മാത്രമായാണ് സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രവർത്തിച്ചത്. |
| (സി) കമ്മീഷനിൽ ഒഴിവുള്ള അംഗങ്ങളെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെ ആയെന്നും; അപേക്ഷ ക്ഷണിച്ചിട്ടുണ്ടോയെന്നും; ആരാണ് നിയമന നടപടികളും കൂടിക്കാഴ്ചയും നടത്തുന്നതെന്നും വ്യക്തമാക്കുമോ? | (സി) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ ഒഴിവുള്ള അംഗങ്ങളെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ചെയർമാനും, നിയമവകുപ്പ് സെക്രട്ടറി മെമ്പറും, ഉപഭോക്തൃകാര്യ വകുപ്പ് സെക്രട്ടറി കൺവീനറും ആയിട്ടുള്ള സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തി ശുപാർശ ചെയ്യുന്ന പാനലിൽ നിന്നും സർക്കാരാണ് ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ അംഗങ്ങളെ നിയമിക്കുന്നത്. |

(signature)

സെക്ഷൻ ഓഫീസർ